## അദ്ധ്യായം ഇരുപത്തിമൂന്ന്

# കൂദാശകൾ

**(The Sacraments)**

യേശു സഭയ്ക്ക് രു കൂദാശകളേ നൽകിയിട്ടുള്ളു, ജലസ്നാനവും (മത്താ 28:19) തിരുമേശയും (1 കൊരി 11:23-26) ജലസ്നാനത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

പുതിയ നിയമമനുസരിച്ച് ഒരു വിശ്വാസി മൂന്നുതരം സ്നാനങ്ങൾ എല്ക്കണം. യേശുവിന്റെ ശരീരസ്നാനം, ജലസ്നാനം, പരിശുദ്ധാത്മസ്നാന ം.

ഒരുവൻ വീും ജനിക്കുമ്പോൾ അവൻ സ്വയം യേശുവിന്റെ ശരീരസ്ന ാനം ഏല്ക്കുന്നു. അതായത് ക്രിസ്തുവിന്റെ ശരീരമാകുന്ന ദൈവസഭയുടെ അംഗമായിത്തീരുന്നു.

> നാമെല്ലാവരും ഏക ശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റു. (1 കൊരി 12:13, റോമ 6:3, എഫേ 1:22-23, കൊലോ 1:18, 24).

രക്ഷയോടു ചേർന്ന് ഒരു വ്യക്തിയിൽ ഉളവാകുന്ന അനുഭവ മാണ് പരിശുദ്ധാത്മസ്നാനം. ഇത് ഓരോ വിശ്വാസിയുടെയും അവകാശമാ ണ്.

അവസാനമായി, രക്ഷിക്കപ്പെട്ട ഓരോ വ്യക്തിയും കഴിവതും വേഗ ത്തിൽ ജലസ്നാനം ഏല്ക്കണം. ഒരു പുതുവിശ്വാസിയുടെ അനുസരണ യുടെ ആദ്യപാഠമാണ് സ്നാനം.

> പിന്നെ അവൻ (യേശു) അവരോടു: നിങ്ങൾ ലോകത്തിൽ ഒക്കെയും പോയി സകലസൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ, വിശ്വസി ക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വ സിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കോ 16:15-16).

പ്രാചീനസഭ യേശുവിന്റെ കല്പനയായ സ്നാനത്തിന് കൂടുതൽ പ്രാധാന്യം കല്പിച്ചിരുന്നു. വിശ്വാസത്തിലേക്കു കടന്നുവന്ന സകലരും സ്നാനം എന്ന കല്പന അനുസരിച്ചിരുന്നു.

### സ്നാനത്തെക്കുറിച്ചുള്ള വചനാധിഷ്ടിതമല്ലാത്ത ചില ആശയങ്ങൾ
### (Some Unscriptural Ideas About Baptism)

പുതുവിശ്വാസികളെ വെള്ളം തളിച്ച് സ്നാനപ്പെടുത്തുന്ന ചില സഭക ളു്. ഇത് ശരിയാണോ? "മുങ്ങുക" എന്നർത്ഥമുള്ള "ബാപ്റ്റിസോ" എന്ന

ഗ്രീക്ക് പദമാണ് ''ബാപ്ടൈസ്'' എന്ന് പുതിയ നിയമത്തിൽ വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നത്. ഈ വാക്ക് ഉൾക്കൊള്ളുന്ന ആശയ പ്രകാരം സ്നാനം എന്നാൽ വെള്ളം തളിക്കലല്ല, വെള്ളത്തിൽ മുങ്ങൽതന്നെയാണ്. ക്രൈസ്തവസ്നാനം മുങ്ങൽ സ്നാനമാണ്. വചനാടിസ്ഥാനത്തിൽ ഇത് പഠിക്കുന്നത് നന്നായിരിക്കും.

ചിലർ ശിശുസ്നാനം നടത്താറുണ്ട്. എന്നാൽ ശിശുസ്നാനത്തിന് വചനപ്രകാരം തെളിവുകളില്ല. സ്നാനത്തിലൂടെ പുതുജനനം അതായത് സ്നാനപ്പെടുന്ന നിമിഷം പുതുജനനം പ്രാപിക്കുന്നു എന്ന തെറ്റായ പ്രമാണത്തെ പിൻതുടരുന്നതുമൂലമുള്ള ഒരു തെറ്റായ ആശയമാണിത്. സ്നാനപ്പെടുന്നതിന്മുമ്പ് യേശുവിൽ വിശ്വസിക്കണമെന്ന് വചനം വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു. പാശ്ചാത്തപിച്ച ശേഷമേ യേശുവിനെ പിൻപറ്റാൻ പാടുള്ളു തന്മൂലം ശിശുക്കളും കുട്ടികളും സ്നാനം എൽക്കാൻ പക്വതയുള്ളവരല്ല.

ഒരുവൻ യേശുവിൽ വിശ്വസിച്ചാലും ജലസ്നാനം ഏല്ക്കാതിരുന്നാൽ രക്ഷിക്കപ്പെടുകയില്ലായെന്ന് ചിലർ ഉപദേശിക്കുന്നുണ്ട്. എന്നാൽ ഇതിന് വചനത്തിൽ തെളിവില്ല. അപ്ര 10:44-48 11:17 വചനപ്രകാരം കൊർന്നല്യോസും കുടുംബവും ജലസ്നാനം ഏല്ക്കുന്നതിന് മുമ്പ്തന്നെ രക്ഷിക്കപ്പെട്ട് പരിശുദ്ധാത്മസ്നാനം പ്രാപിച്ചതായി നമുക്കുകാണാം. രക്ഷിക്കപ്പെടുന്നതിനുമുമ്പ് പരിശുദ്ധാത്മാസ്നാനം പ്രാപിക്കാൻ സാദ്ധ്യമല്ല (യോഹ 14:17).

നിർദ്ദിഷ്ടപ്രമാണപ്രകാരം സ്നാനം ഏറ്റില്ലായെങ്കിൽ രക്ഷ പൂർണ്ണമാകുകയില്ലായെന്ന് ചിലർ ഉപദേശിക്കുന്നു. സ്നാനത്തിന് വചനം ഒരു മതാചാരത്തിന്റെ പരിവേഷം നൽകുന്നില്ല.

ഉദാഹരണത്തിന് ''യേശുവിന്റെ നാമത്തിലല്ല'' (അപ്ര 8:16) ''പിതാവിന്റേയും പുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും നാമത്തിലാണ്'' (മത്താ 28:19) സ്നാനപ്പെടേത്. ഇക്കൂട്ടർ ആന ചോരുന്നത് അറിയാത്ത എന്നാൽ കടുകു ചോരുന്നത് അറിയുന്ന പരീശന്മാർക്കും തുല്യമാണ്. ലോകം സുവിശേഷത്തിനുവേി കാതോർക്കുമ്പോൾ സ്നാനത്തിന്റെ നിർവ്വചനത്തെച്ചൊല്ലി വിശ്വാസികൾ തർക്കിക്കുന്നത് ഖേദകരമെന്നേ പറയാനുള്ളു.

## സ്നാനത്തിന്റെ വചനാടിസ്ഥാനത്തിലുള്ള പ്രതീകം
## (The Scriptural Symbolism of Baptism)

ഒരു വിശ്വാസിയുടെ ജീവിതത്തിൽ സ്നാനം പലതിന്റേയും പ്രതികങ്ങളായി നിലകൊള്ളുന്നു. ഒന്നാമതായി, നമ്മുടെ പാപങ്ങൾ കഴുകപ്പെട്ട് ദൈവമുമ്പാകെ നാം നിർമ്മലതയുള്ളവരായിത്തീർന്നിരിക്കുന്നു എന്ന് സ്നാനം ഉറപ്പുനൽകുന്നു. ശൗലിന്റെ (പൗലോസ്) അടുത്തേക്ക് അയയ്ക്കപ്പെട്ട അനന്യാസ് ചോദിക്കുന്നു:

> ഇനി താമസിക്കുന്നതെന്ത്? എഴുന്നേറ്റു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകിക്കളക എന്നു പറഞ്ഞു (അപ്ര 22:16).

രാമതായി, നാം ക്രിസ്തുവിന്റെ മരണത്തിലും, അടക്കത്തിലും പുനരുത്ഥാനത്തിലും ഏകീഭവിക്കുന്നതിന്റെ പ്രതീകമായി സ്നാനം നിലകൊള്ളുന്നു. ഒരിക്കൽ നാം വീം ജനനം പ്രാപിച്ച് ക്രിസ്തുവാം ശരീരത്തിന് അനുരൂപപ്പെട്ടാൽ, ആ നിമിഷം മുതൽ ദൈവം നമ്മെ "ക്രിസ്തുവിൽ" ആയിരിക്കുന്നതായി പരിഗണിക്കുന്നു. യേശുചെയ്തതിനോട് നമുക്ക് പങ്കാളിത്വം ലഭിക്കുന്നു. "ക്രിസ്തുവിൽ" നാം മരിച്ച്, അടക്കപ്പെട്ട് മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റ് ഒരു പുതിയ വ്യക്തിയായിത്തീർന്നിരിക്കുന്നു.

> യേശുക്രിസ്തുവിനോടുചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തുമരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാം ജീവന്റെ പുതുക്കത്തിൽ നടക്കേതിനു തന്നേ (റോമ 6:3-4).

> സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയർത്തെഴുന്നേൽപിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയർത്തെഴുന്നേൽക്കുകയും ചെയ്തു (കൊലോ 2:12).

ഓരോ പുതുവിശ്വാസിയും പരമപ്രധാനമായ ഈ സത്യങ്ങൾ സ്നാനപ്പെടുന്നതിനുമുമ്പ് അറിഞ്ഞിരിക്കണം. യേശുവിൽ വിശ്വസിച്ചാൽ വൈകാതെ തന്നെ സ്നാനപ്പെടുകയും വേണം.

## കർത്താവിന്റെ തിരുമേശ
## (The Lord's Supper)

തിരുമേശ ശുശ്രൂഷ-പഴയനിയമത്തിലെ പെസഹായിൽനിന്ന് ആവിർഭവിച്ചതാണ്. മിസ്രയീമ്യ അടിമത്വത്തിൽനിന്ന് യിസ്രായേൽ ജനത്തെ വിടുവിച്ച രാത്രിയിൽ, ഒരു വയസുപ്രായമുള്ള ആട്ടിൻകുട്ടിയെ കൊന്ന് അതിന്റെ രക്തം യിസ്രായേൽ ജനത്തിന്റെ വീടുകളുടെ വാതിലിന്റെ കട്ടളമേലും കുറുമ്പടിമേലും പുരട്ടാൻ ദൈവം അവരോട് കല്പിച്ചു. മിസ്രയീമിലെ ആദ്യജാതന്മാരെ കൊല്ലാൻ കല്പന ലഭിച്ച "സംഹാരദൂതൻ കട്ടളമേലും, കുറുമ്പടിമേലും രക്തം തളിച്ചവീടുകളെ കടന്നുപോയി".

യിസ്രായേൽ ജനം ഇതിനോടുചേർന്നുഏഴുദിവസം പുളിപ്പില്ലാത്ത അപ്പവും പെസഹാകുഞ്ഞാടിന്റെ മാംസവും ഭക്ഷിച്ചു. ഓരോവർഷവും ഇത് ദൈവത്തിന്റെ ഉത്സവമായി ആചരിക്കുവാൻ ദൈവം കല്പിച്ചു (പുറ 12:1-28).

‘‘നമ്മുടെ പെസഹാകുഞ്ഞാട്’’ എന്ന് 1 കൊരി 5:7ൽ പറഞ്ഞിരിക്കുന്ന ഈ കുഞ്ഞാട് ക്രിസ്തുവിനെയാണ് പ്രതിനിധീകരിക്കുന്നത്.

യേശുവും ശിഷ്യന്മാരും തിരുമേശശുശ്രൂഷയിലൂടെ പെസഹാ ആചരിക്കുകയായിരുന്നു. ‘‘ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് യേശുവാണ്. യേശുവിന്റെ വിളിയുടെ പൂർത്തികരണമാണ് നാം ഇവിടെ കാണുന്നത്’’ (യോഹ 1:29).

നാം ഭക്ഷിക്കുന്ന അപ്പവും പാനം ചെയ്യുന്ന വീഞ്ഞും നമ്മുടെ പാപപരിഹാരത്തിനായി തകർക്കപ്പെട്ട യേശുവിന്റെ ശരീരത്തിന്റേയും രക്തത്തിന്റേയും പ്രതീകങ്ങളാണ്.

> അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്ത് വാഴ്ത്തിനുറുക്കി ശിഷ്യന്മാർക്കുകൊടുത്തു: വാങ്ങി ഭക്ഷിപ്പിൻ; ഇതുഎന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു: എല്ലാവരും ഇതിൽനിന്നുകുടിപ്പിൻ. ഇത് അനേകർക്കുവേി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിന്നുള്ള എന്റെ രക്തം; എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായികുടിക്കുംനാൾവരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽനിന്ന് ഇനി കുടിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു (മത്താ 26: 26–29).

അപ്പോസ്തലനായ പൗലോസ് ഇങ്ങനെ പറയുന്നു.

> ഞാൻ കർത്താവിങ്കൽനിന്നുപ്രാപിക്കയും നിങ്ങൾക്കു ഏല്പിക്കയും ചെയ്തതു എന്തെന്നാൽ: കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി: ഇതു നിങ്ങൾക്കുവേിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മക്കായി ഇതുചെയ്‌വിൻ എന്നുപറഞ്ഞു അവ്വണ്ണംതന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു. ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മക്കായി ചെയ്‌വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവുവരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു (1 കൊരി 11:23–26).

## എപ്പോൾ എങ്ങനെ
## (When and How)

കർത്താവിന്റെ തിരുമേശ അനിവാര്യമായ ഒരു ശുശ്രൂഷയാണെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. ആദിമസഭയിൽ, അവർ കൂടിവന്നപ്പോഴൊക്കെയും അപ്പം നുറുക്കി ഭക്ഷിച്ചിരുന്നതായി വചനത്തിൽ കാണാം (1 കൊരി 11:20–34). പെസഹ ആചാരമാണ് തിരുമേശയുടെ അടിസ്ഥാനം. യേശുവും

ശിഷ്യന്മാരും ഇത് ആചരിച്ചത് പൂർണ്ണആഹാരമായാണ്. ആദിമസഭയും അത് അങ്ങനെതന്നെ പാലിച്ചുപോന്നു. ഇന്നത്തെ സഭകൾ ഈ മാതൃക പിൻപറ്റേ താണ്. എന്നാൽ പലസഭകളും മാനുഷിക പാരമ്പര്യങ്ങൾ പിൻതുടരുകയാ ണ്.

വളരെ ഭയഭക്തിയോടുകൂടി പങ്കുകൊള്ളേ ഒരു മഹനീയ ശുശ്രൂഷ യാണ് തിരുമേശ ശുശ്രൂഷ. അശുദ്ധിയോട് പ്രാഗത്ഭ്യമില്ലാതെ ഈ ശുശ്രൂഷ യിൽ പങ്കുകൊള്ളുന്നത് ഒരു വലിയ തെറ്റാണെന്ന് അപ്പോസ്തലനായ പ ൗലോസ് പഠിപ്പിക്കുന്നു.

> അതുകൊ് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപ ത്രം കുടിക്കുയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധനചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽന ിന്നുകുടിക്കയും ചെയ്‌വാൻ. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്ക് ശിക്ഷാവിധിതിന്നുകയും കുടിക്കുകയും ചെയ്യുന്നു. ഇതുഹേതുവായി നിങ്ങളിൽ പലരും ബല ഹീനരും രോഗികളും ആകുന്നു; അനേകരും നിദ്രകൊള്ളുന്നു. നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല. വിധിക്കപ്പെടുന്നു എങ്കിലോ നാം ലോകത്തോടുകുടെ ശിക്ഷാവിധിയിൽ അകപ്പെടാതിരി ക്കേതിന് കർത്താവു നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു (1 കൊരി 11: 27–32).

ഈ ശുശ്രൂഷ അനുഭവിക്കുന്നതിനുമുമ്പ് നാം നമ്മെത്തന്നെ ശോധന ചെയ്യണം. എന്തെങ്കിലും അയോഗ്യമായി നമ്മിൽ ഉണ്ടെങ്കിൽ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം അല്ലായെങ്കിൽ അവന്റെ രക്തവും മാംസവും സംബന്ധിച്ച് നാം കുറ്റക്കാരായിത്തീരും.

നമ്മുടെ പാപപരിഹാരത്തിനായി യേശു മരിച്ചു; അവന്റെ രക്ത ത്താൽ നാം മോചനം എന്ന വീടെുപ്പ് പ്രാപിച്ചിരിക്കുന്നു. പാപം ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാതെ ആരെങ്കിലും യേശുവിന്റെ ശരീരമാകുന്ന അപ്പം തിന്നുക യോ, രക്തമാകുന്ന വീഞ്ഞു കുടിക്കുകയൊ ചെയ്താൽ സ്വയം ശിക്ഷിവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. തന്മൂലം കൊരിന്ത്യാസഭയിലെ വിശ്വാ സികൾക്കുസംഭവിച്ചതുപോലെ നാം രോഗികളും മരണയോഗ്യരുമായിത്തീരു ന്നു. ദൈവത്തിന്റെ വിധിഇങ്ങനെയാണ് ''നാം നമ്മെത്തന്നെ ശോധനചെ യ്യുക'' പാപങ്ങൾ ഏറ്റുപറഞ്ഞു ഉപേക്ഷിക്കുക.

സ്നേഹമില്ലായ്മയായിരുന്നു കൊരിന്ത്യാസഭയുടെ ബലഹീനത. അവർ പരസ്പരം മത്സരിച്ചിരുന്നു. കർത്താവിന്റെ തിരുമേശയിലും ഇത് പ്രക ടമായിരുന്നു. അതായത് സഭയിൽ ചിലർ വിശന്നിരുന്നപ്പോൾ മറ്റുചിലർ അപ്പം ഭക്ഷിക്കുകയും ചിലർ വീഞ്ഞുകുടിക്കുകയും ചെയ്തു (1 കൊരി 11:20 –22).

നാം ഭക്ഷിക്കുന്ന ക്രിസ്തുവിന്റെ ശരീരമാകുന്ന അപ്പം, ഇന്നത്തെ സഭയുടെ പ്രതീകമാണ്. അപ്പത്തിന്റെ അംശം നാം ഭക്ഷിക്കുമ്പോൾ അത് ശരീരത്തിന്റെ ഐക്യത്തെകാണിക്കുന്നു (1 കൊരി 10:17). ക്രിസ്തുവിന്റെ ശരീരമാകുന്ന അപ്പത്തിന്റെ പങ്കാളികളായിരിക്കുമ്പോൾതന്നെ എങ്ങനെ പരസ്പരം മത്സരിക്കാൻ കഴിയും, അത് ശരീരത്തിന്റെ മറ്റ് അവയവങ്ങളോടു അനീതികാണിക്കുകയല്ലെ? നാം കർത്താവിന്റെ തിരുമേശയിൽ പങ്കാളികളാകുന്നതിനുമുമ്പ് നാം നമ്മുടെ സഹോദരിസഹോദരന്മാരോട്, നല്ല ബന്ധം പുലർത്തുന്നു എന്ന് ഉറപ്പ് പ്രാപിച്ചിരിക്കണം.